# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3421** **23/06/2014-ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായം**

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ട് എന്നും അവർ ആരെല്ലാം എന്നും പേര്, വിലാസം എന്നിവ സഹിതം വിശദമാക്കാമോ; | (എ) | നിലവിലുളള അർഹതാ ലിസ്റ്റു പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിൽ 741 മത്സ്യത്തൊഴിലാളി കുടുംബങ്ങളും, 2013-ലെ കടലാക്രമണത്തിന് ഇരയായ 8 കടുംബങ്ങളും ഉൾപ്പെടെ ആകെ 749 ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഉളളത്. ലിസ്റ്റ് അനുബന്ധമായി (എ) ചുവടെ ചേർത്തിരിക്കുന്നു. |
| (ബി) | ഇവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | അമ്പലപ്പുഴ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കുളള വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്; ധനസഹായം ലഭിച്ചത് ആർക്കെല്ലാം; പേരും വിലാസവും വിശദമാക്കി പട്ടിക ലഭ്യമാക്കുമോ; | (സി) | 2014-15 വർഷത്തിൽ ദേശീയ ഭവന നിർമ്മാണ പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിൽ 48 പേർക്ക് വീട് ലഭിച്ചു. പേര് വിവരങ്ങൾ അനുബന്ധമായി (ബി) ചുവടെ ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത ധനസഹായത്തിന് പരിഗണിച്ച ലിസ്റ്റിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണവും ഒഴിവാക്കിയത് ആരെയെല്ലാമെന്നും വിലാസം സഹിതം വ്യക്തമാക്കുമോ; | (ഡി) | ആരെയും ഒഴിവാക്കിയിട്ടില്ല. |
| (ഇ) | പ്രസ്തുത ആനുകൂല്യ വിതരണത്തിന്റെ പുരോഗതിയും എത്ര പേർക്ക് ധനസഹായം ലഭ്യമായി എന്നും ലഭ്യമായത് ആർക്കെല്ലാം എന്നും വ്യക്തമാക്കാമോ? | (ഇ) | നറുക്കെടുപ്പ് 07/06/2014-ൽ നടന്നു. നാളിതുവരെ ആരും തന്നെ ധനസഹായം കൈപ്പറ്റിയിട്ടില്ല. |

സെക്ഷൻ ആഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**